ഉത്തരം

(എ) കെ. എസ്. ആർ. പാർട്ട് രണ്ടിലെ 1 മുതൽ 116 വരെയുള്ള ചട്ടങ്ങളും അവയ്ക്ക് കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികളുമനുസരിച്ചാണ് സംസ്ഥാന ജീവനക്കാർക്ക് ടി. എ. നൽകുന്നത്.

(ബി) നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശയനുസരിച്ച് 16-9-1985-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജി. ഒ. പി. 515/85/ധന. എന്ന ഉത്തരവ് 1-9-1985 മുതൽ ടി. എ.യ്ക്ക് ബാധകമാണ്. ഈ ഉത്തരവനുസരിച്ച് കെ. എസ്. ആർ. പാർട്ട് രണ്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കണ്ണട വാങ്ങുന്നതിനു നൽകുന്ന തുക

1988 [3060] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഉദ്യോഗസ്ഥന്റെ സർവീസ് കാലത്ത് എത്ര തവണ കണ്ണട വാങ്ങുന്നതിന് തുക നല്കും;

(ബി) മൂന്നുവർഷത്തൊരിക്കൽ ലെൻസിന്റെ പവർ ടെസ്റ്റ് ചെയ്ത് കണ്ണട മാറണമെന്നിരിക്കെ മൂന്നു വർഷത്തിലൊരിക്കൽ കണ്ണട വാങ്ങുന്നതിന് തുക നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പ്രവാശ്യം.

(ബി) നാലാം ശമ്പള കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കണ്ണട വാങ്ങുന്നതിന് ജീവനക്കാർക്കു ആനുകൂല്യം നൽകാൻ ഉത്തരവായത്. ഒരു ജീവനക്കാരന്റെ സർവീസ് കാലത്ത് ഒരിക്കൽ മാത്രം ഈ ആനുകൂല്യം നൽകുന്നതിനേ കമ്മീഷൻ ശുപാർശ ചെയ്തിരുന്നുള്ളൂ. പ്രസക്തമായ എല്ലാ കാര്യങ്ങളും കണക്കിലെടുത്ത് കമ്മീഷൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഭാഗ്യമാല ടിക്കറ്റ് വില്പന

1989 [3061] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യമാല ടിക്കറ്റ് ഏർപ്പെടുത്തിയതുമൂലം 31-10-1986 വരെ ആ ഇനത്തിൽ ഉണ്ടായ ലാഭമെന്താണെന്ന് പറയാമോ?

(ബി) ഭാഗ്യമാല ടിക്കറ്റ് രാമവർമ്മപുരം ക്യാമ്പിൽ പോലീസുകാർക്ക് നിർബന്ധമായി കൊടുക്കുന്നു എന്ന പരാതിയെപ്പറ്റിയും എഞ്ചിനീയർമാർക്ക് ടിക്കറ്റ് സമയത്ത് കിട്ടുന്നില്ല എന്ന പരാതിയെപ്പറ്റിയും ഭാഗ്യമാലമൂലം സാധാരണ ലോട്ടറി ടിക്കറ്റിന്റെ ചെലവ് കുറഞ്ഞതിനെപ്പറ്റിയും അന്വേഷണം നടത്തുമോ?

ഉത്തരം

(എ) കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

(ബി) പരാതി ശരിയല്ല. ടിക്കറ്റ് വില്പനയിൽ അല്പം കുറവ് ഉണ്ടായിട്ടുണ്ട്. ഇതെപ്പറ്റി അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly